Draft #46 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 24-Dec-2019 01:44 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: സർവ്വകലാശാലയിൽ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന കമ്മിറ്റികളിൽ പങ്കെടുക്കുന്ന സർവ്വകലാശാലയ്ക്ക് പുറത്തു നിന്നുള്ള അംഗങ്ങൾക്ക് സിറ്റിംഗ് ഫീ/ റെമ്യൂണറേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 6664/AD A1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 26.12.2019

---

പരാമർശം:-വൈസ് ചാൻസലറുടെ 19.12.2019 തീയതിയിലെ കുറിപ്പ് നം. വി.സി.702/02/182/2019.

**ഉത്തരവ്**

സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് വൈസ് ചാൻസലർ ചെയർമാനായി സെലക്ഷൻ കമ്മിറ്റിയിൽ പങ്കെടുക്കുന്ന വിദഗ്ധർക്ക് സിറ്റിംഗ് ഫീ ആയി ടി.എ./ഡി.എ. യ്ക്ക് പുറമേ ₹ 2000/- (രൂപ രണ്ടായിരം മാത്രം) അനുവദിച്ചിരുന്നു. എന്നാൽ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന മറ്റ് കമ്മിറ്റികളിൽ പങ്കെടുക്കുന്ന വിദഗ്ധർക്ക്/ അംഗങ്ങൾക്ക് സിറ്റിംഗ് ഫീ അനുവദിച്ചിരുന്നില്ല.

ആയതിനാൽ സർവ്വകലാശാലയ്ക്ക് പുറത്തുനിന്നും വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന കമ്മിറ്റികളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് സിറ്റിംഗ് ഫീ/ റെമ്യൂണറേഷൻ ആയി ₹ 1000/- (രൂപ ആയിരം മാത്രം) അനുവദിക്കുന്നതിനും, താഴെ പറയുന്ന തുടർ നടപടികൾ കൈക്കൊള്ളുന്നതിനും സൂചന പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. സിറ്റിംഗ് ഫീ/ റെമ്യൂണറേഷൻ -ന് പുറമെ ടി.എ. യ്ക്കും ബന്ധപ്പെട്ട അംഗങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഡി.എ. പ്രത്യേകമായി നൽകുന്നതല്ല.
2. പ്രസ്തുത കമ്മിറ്റികളുമായി ബന്ധപ്പെട്ട വിഭാഗത്തിൽ ജോലി ചെയ്യുന്ന സെക്ഷൻ ഓഫീസർമാർ, കമ്മിറ്റി സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ കുറിപ്പും ആവശ്യമായ രേഖകളും സഹിതം കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന തീയതിയ്ക്ക് മുമ്പായി ആവശ്യമായ (ടി.എ./ഡി.എ. അല്ലെങ്കിൽ സിറ്റിംഗ് ഫീ/ റെമ്യൂണറേഷൻ, ടി.എ.) ആകെ തുക രേഖപ്പെടുത്തി ഓഡിറ്റ് V സെക്ഷനിൽ മുൻകൂട്ടി നൽകേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ, അനുവദനീയമായ തുകയ്ക്കുള്ള ചെക്ക് അതാത് സെക്ഷൻ ഓഫീസർമാർക്ക് ഫിനാൻസ് ഓഫീസർ നൽകേണ്ടതുമാണ്.
3. കമ്മിറ്റി നടക്കുന്ന ദിവസം തന്നെ അതാത് അംഗങ്ങൾക്ക്/ വിദഗ്ധർക്ക് ടി തുക വിതരണം ചെയ്യേണ്ടതാണ്.

4. സിറ്റിംഗ് ഫീ ഇനത്തിൽ ഉണ്ടാവുന്ന ചിലവുകൾ, നടപ്പു സാമ്പത്തിക വർഷത്തിലെ '22 101 03 Travelling and Conveyance Expenses' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി.
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #46 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 24-Dec-2019 01:44 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം